ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ടും സുപ്രീം കോടതി വിധിയും

12 (*312) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ എല്ലാ സംസ്ഥാനങ്ങളും നടപ്പാക്കണമെന്ന സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശപ്രകാരം ദേശീയ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള പോലീസ് ആക്ട് 2011 പാസ്സാക്കി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു :

- ഓർഗനൈസേഷൻ ആന്റ് സ്ട്രക്ച്ചർ ഓഫ് പോലീസ്
- സ്റ്റേറ്റ് ആംഡ് പോലീസ് ബറ്റാലിയൻസ് ആന്റ് ഡിസ്ട്രിക്ട് ആംഡ് റിസർവ്
- ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവേഴ്സ് ടു പോലീസ് ഓഫീസേഴ്സ്
- ട്രാഫിക് റഗുലേഷൻ
- ദി മിനിസ്റ്റീരിയൽ സ്റ്റാഫ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് വർക്ക് ഇൻ ദി പോലീസ് ഡിപ്പാർട്ടുമെന്റ്
- ഓക്സിലിയറി റ്റു പോലീസ് -ഹോം ഗാർഡ്സ്

LIBRARY ARCHIVES Kerala Legislative Assembly

- പെർഫോമൻസ് അപ്രൈസൽ ഓഫ് പോലീസ് പേഴ്സണൽ
- ഡിസിപ്ലിനറി കൺട്രോൾ
- റോൾ ഓഫ് ദി സെന്റർ ഇൻ പ്ലാനിംഗ്, ഇവാലുവേഷൻ ആന്റ് കോ-ഓർഡിനേഷൻ
- പോലീസിംഗ് ഇൻ ദി നോർത്ത് ഈസ്റ്റ്
- സമ്മറി ഓഫ് ഒബ്സർവേഷൻസ് ആന്റ് റെക്കമെന്റേഷൻസ്

വകപ്പുകളുടെ ഏകോപനത്തിന് ഉന്നതതല സമിതി

13 (*313) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നിബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വകുപ്പുകളുടെ ഏകോപനത്തിന് ഉന്നതതലസമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സർക്കാരിന്റെ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ വകുപ്പുകൾ തമ്മിൽ തർക്കമുണ്ടായാൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്. വിവിധ സർക്കാർ വകുപ്പുകൾ സംയുക്തമായി തീരുമാനിക്കേണ്ട കാര്യങ്ങളിൽ മെച്ചപ്പെട്ട ഏകോപനം കൈവരിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തര-വിജിലൻസ്, ആസൂത്രണ-സാമ്പത്തികകാര്യം എന്നീ വകുപ്പുകളിലേയും വിഷയം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സെക്രട്ടറിമാർ അടങ്ങുന്ന ഒരു സമിതി സ.ഉ. (കൈ) നമ്പർ 14/2015/ഉഭവ തീയതി 13-4-2015 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) സംയുക്തമായി തീരുമാനമെടുക്കേണ്ട കാര്യങ്ങളിൽ പ്രസ്തുത സമിതിക്ക് നൽകേണ്ടതും സമിതി വസ്തുതകളും വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ, അഭിപ്രായങ്ങൾ എന്നിവ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അവ മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ നടപ്പാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly